താഴെപ്പറയുന്ന പ്രവൃത്തികൾ 2015-16 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി നബാർഡിന്റെ പരിഗണനയ്ക്കയച്ചിട്ടുണ്ട്. നബാർഡിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

1. കുമ്പളാട്ട് വാട്ടർ ടാങ്ക് റോഡ്
2. അപ്പാളം ക്ലബ് - കടൽമാട് റോഡ്
3. മേപ്പാടി - കട്ടർറോഡ്
4. തെനേരി - കരിങ്കണ്ണിക്കുന്ന് റോഡ്
5. കൊളവയൽ - തൊണ്ടുപാളി റോഡ്
6. മംഗലംകുന്ന് - കൊളവയൽ റോഡ്
7. പെരിങ്ങോട് പുഴ ചെക്ക് ഡാം
8. ആടുവാടിവയൽ - ചെക്ക്ഡാം
9. വേങ്ങപ്പള്ളി - മണിയൻകോട് റോഡ്

പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകേണ്ടത് ബന്ധപ്പെട്ട ബ്ലോക്കിൽ നിന്നുമാണ്. 2015-16 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാനിലെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് 30-11-2015-ന് ആണ്. 2015-16 സാമ്പത്തിക വർഷത്തിൽ ഹാഡ വഴി നടപ്പിലാക്കുന്നതിനായി ലഭിച്ച പദ്ധതികളുടെ, തെരഞ്ഞെടുപ്പ് പരിഗണനയിലാണ്.

സാംസ്കാരിക മേഖലയിലെ വളർച്ച

32 (1503) ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക മേഖലയിലെ വളർച്ചയ്ക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഓരോ സ്ഥാപനവും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാംസ്കാരിക കാര്യ വകുപ്പിൻകീഴിലെ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പ്/സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന സുവർണ്ണം 2015 പദ്ധതി ഇതിന്റെ ഉത്തമ ഉദാഹരണമാണ്. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ധനസഹായം സാംസ്കാരിക വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സമ്പൂർണ്ണ സാംസ്കാരിക സർവ്വകലാശാലയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയതും മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തിയതും, പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ, കാക്കണ്ണൻ പാറയിലെ കലാഗ്രാമം, കടിയേറ്റ മ്യൂസിയം നിർമ്മാണത്തിനുള്ള നടപടികൾ, വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയം, കേന്ദ്ര സഹായത്തോടുള്ള മ്യൂസിയം നവീകരണം, വംശീയ ശില്പങ്ങൾ എന്നീ പ്രവർത്തനങ്ങളെല്ലാം സാംസ്കാരിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ്.

കോട്ടപ്പുറം-കാവുണ്ട-പറമ്പോട്ടുകുന്ന് തോട്ടറ റോഡ് നവീകരണം

33 (1504) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ കോട്ടപ്പുറം - കാവുണ്ട - പറമ്പോട്ടുകുന്ന് തോട്ടറ റോഡ് നവീകരണത്തിനും, റീ-ടാറിങ്ങിനുമായി നബാർഡിന്റെ ധനസഹായം ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഫയൽ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത റോഡിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?